പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1969 07.12. 2015- ലെ മറുപടി

**നഴ്സുമാരുടെ എമിഗ്രേഷൻ സംബന്ധിച്ച്**

ചോദ്യം

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി

*(മുഖ്യമന്ത്രി)*

| | | |
|---|---|---|
| (എ) എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്തത് മൂലം കേരളത്തിൽ ആയിരക്കണക്കിന് നഴ്സുമാർ ദുരിതം അനുഭവിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) നഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസ് നൽകാതിരിക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>സി) കേന്ദ്ര സർക്കാരിൽ പ്രസ്തുത പ്രശ്നം ഉന്നയിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ? | (എ) യും (ബി) യും (സി) യും | 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനത്തിന് 31.05.2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിക്കൊണ്ടും കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd) ചെന്നൈ എന്നിവർ മുഖാന്തിരം മാത്രമേ റിക്രൂട്ട്മെന്റ് അനുവദിക്കുകയുള്ളു എന്ന് നിഷ്കർഷിച്ചും 12.03.2015 ലെ F.No.01-11012/10/2013-EP പ്രകാരം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് മുൻപായി വിദേശ നിയമനത്തിനുള്ള സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിബന്ധനയിൽ ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തീയതിയായ 12.03.2015 ന് മുൻപ് ഇന്റർവ്യൂ / ഓഫർലെറ്റർ ലഭിച്ചവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിബന്ധനയിൽ നിന്ന് ഇളവ് നൽകിയിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നോർക്ക - റൂട്ട്സ് നഴ്സിംഗ് റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. വിദേശ നിയമനം സംബന്ധിച്ച കാര്യങ്ങളുടെ ക്രമീകരണത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ-മൈഗ്രേറ്റ് (eMigrate) എന്ന ഓൺലൈൻ സംവിധാനത്തിലൂടെ നിലവിൽ 600 ഓളം ഡിമാൻഡുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 88 പേർക്ക് ഇതിനകം എമിഗ്രേഷൻ ക്ലിയറൻസ് നൽകുകയും അവർ വിദേശ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 500 ലധികം ഒഴിവുകളിലേക്കുള്ള റിക്രൂട്ട്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ സാങ്കേതിക പ്രശ്നങ്ങളും പ്രസ്തുത സംവിധാനത്തിലെ നടപടിക്രമങ്ങൾ |

| | | |
|---|---|---|
| | | ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടു വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിനുമായി പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് അദ്ധ്യക്ഷനായി കേന്ദ്ര സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ നോർക്ക - റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അംഗമാണ്. ഇതിനു പുറമേ കുവൈറ്റ്, സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിലെ ആരോഗ്യ മന്ത്രായത്തിനു കീഴിലെ ഇന്ത്യൻ നഴ്സുമാരുടെ നിയമനം സർക്കാർ ഏജൻസികൾ വഴി ആക്കുന്നതിന് നോർക്ക മുൻകൈയെടുത്ത് കേന്ദ്ര സർക്കാർ മുഖേന ചർച്ചകൾ പുരോഗമിച്ച് വരികയാണ്. ഇതുവഴി ഈ രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സുതാര്യമായും ചൂഷണ രഹിതമായും നടത്തുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

Sheejik

സെക്ഷൻ ഓഫീസർ